**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3694** **14-07-2022 - ൽ മറുപടിയ്ക്ക്**

**പാറൽ ക്ഷീരോൽപാദന സംഘം മിൽക്ക് പ്രോസസിംഗ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ പാറൽ ക്ഷീരോല്പാദന സംഘത്തിന് കീഴിലുള്ള മിൽക്ക് പ്രോസസിംഗ് പ്ലാന്റിന്റെ പ്രവർത്തനം നിലച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പെരിന്തൽമണ്ണ മണ്ഡലത്തിലെ പാറൽ ക്ഷീരോല്പാദന സംഘത്തിന് കീഴിലുള്ള മിൽക്ക് പ്രോസസിംഗ് പ്ലാന്റിന്റെ ലൈസൻസ് ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി പ്ലാന്റിന്റെ പ്രവർത്തനം നിർത്തി വെച്ചിരിക്കുന്നു. |
| (ബി) | ഇത് പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | നിലവിലെ സ്ഥലത്ത് നിന്നും കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു സ്ഥലത്തേക്ക് പ്ലാന്റ് മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു. |
| (സി) | പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിലെ സ്ഥലത്ത് നിന്നും കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു സ്ഥലത്തേക്ക് പ്ലാന്റ് മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു. |
| (ഡി) | പ്രസ്തുത പ്ലാന്റ് ആരംഭിക്കുന്നതിനായി എത്ര തുക ചെലവഴിച്ചുവെന്നും എന്തെല്ലാം യന്ത്ര സാമഗ്രികൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ടെന്നും പ്ലാന്റിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ? | (ഡി) | പ്ലാന്റിലേക്കുള്ള ഉപകരണങ്ങൾ, മറ്റ് ചിലവുകൾ അടക്കം 65 ലക്ഷം രൂപ ചിലവഴിച്ചു. കൂടാതെ മാലിന്യനിർമ്മാർജ്ജനത്തിനായി സ്ഥാപിച്ച ETP ക്കായി 8,50,000/- രൂപയും അടിസ്ഥാന സൗകര്യങ്ങൾക്കായി 5,00,000/- രൂപയും ചിലവഴിച്ചു.<br><br>1. പാൽ റിസപ്ഷൻ ആവശ്യത്തിനായി റോളർ കൺവേയർ, കാൻടിപ്പിംഗ് ബാർ വെയിങ്ങ് ബോൾ ( 250 L) വെയിംഗ് മഷീൻ, മിൽക്ക് ഡംപ് ടാങ്ക് (500 L) മിൽക്ക് പമ്പ്, മിൽക്ക് ചില്ലർ (5 KL)<br>2. സ്കിഡ് മൗണ്ടസ് (HTST) മിൽക്ക് പാസ്ച്ചറൈസർ (2000 LPH) അനുബന്ധ ഉപകരണങ്ങൾ.<br>3. ഓഫ് ലൈൻ ക്രീം സെപ്പറേറ്റർ (500 LPH) അനുബന്ധ ഉപകരണങ്ങൾ. |

| | | | | |
|---|---|---|---|---|
| | | | | 4. ഗ്യാസിൽ പ്രവർത്തിക്കുന്ന ഖോവ മെയ്ക്കിംഗ് മെഷീൻ 180 L കപ്പാസിറ്റി.<br>5. ഫുള്ളി ആട്ടോമാറ്റിക് , സിംഗിൾ ഹെഡ് ഫോം – ഫിൽ സീൽ പാക്കിംഗ് മെഷീൻ (മെക്കാനിക്കൽ ടൈപ്പ് ) 1200 PKT/HOUR<br>6. ഫുള്ളി ആട്ടോമാറ്റിക് , സിംഗിൾ ഹെഡ് ഫോം – ഫിൽ സീൽ പാക്കിംഗ് മെഷീൻ (മെക്കാനിക്കൽ ടൈപ്പ്) 2000 PKT/HOUR<br>7. ഹൊറിസോണ്ടൽ മിൽക്ക് സ്റ്റോറേജ് ടാങ്ക്, ഡബിൾ കമ്പാർട്ട്മെന്റ് - 5000 LTS കപ്പാസിറ്റി<br>8. ഡീസൽ ഫയേർഡ് ഹോട്ട് വാട്ടർ ജനറേറ്റർ.<br>9. SS സെൻട്രിഫ്യൂഗൽ മിൽക്ക് പമ്പ്<br>10. ഫ്രിയോൺ റഫ്രിജറേഷൻ പ്ലാന്റ്<br>11. PUF ഇൻസുലേറ്റഡ് കോൾഡ് സ്റ്റോർ<br>12. MS, SS പൈപ്പുകൾ വാൽവുകൾ<br>13. ഡീസൽ ജനറേറ്റർ<br>14. ഇലക്ട്രിക് വയറിംഗ്, മറ്റ് അനുബന്ധ സജ്ജീകരണങ്ങൾ<br>15. SS ബാലൻസ് ടാങ്ക്<br>16. SS ടാങ്ക് – 300 L<br>17. CURD(തൈര്) നിർമ്മാണത്തിന് ഉള്ള ടാങ്ക്<br>18. തൈര് നിർമ്മാണത്തിനുള്ള പ്രോസസിംഗ് ലൈൻ |

സെക്ഷൻ ഓഫീസർ